**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. **6863** — 13/07/2012 - ൽ മറുപടിയ്ക്ക്

ഔഷധ സസ്യ ബോർഡിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന ഔഷധ സസ്യബോർഡിന്റെ പ്രവർത്തനം വിലയിരുത്താറുണ്ടോ; | (എ) ഉണ്ട് |
| (ബി) ദേശീയ ഔഷധ ബോർഡിൽ നിന്നും 2009-2010 വർഷം എത്ര തുകയാണ് അനുവദിച്ചത്; | (ബി) 2009-2010 സാമ്പത്തിക വർഷത്തിൽ ദേശീയ ഔഷധ സസ്യബോർഡിൽ നിന്നും സംസ്ഥാന ഔഷധ സസ്യബോർഡിന് 390.42 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) അതിൽ ഏതെല്ലാം മേഖലയിലായി എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; | (സി) അനുവദിച്ച തുകയുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| നം. | പദ്ധതികൾ | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ഗവേഷണവും വികസനവും (Research and Development) | 20 |
| 2 | Ex-situ In-situ Conservation | 28.4 |
| 3 | ദേശീയ നെല്ലി മിഷൻ | 148.5 |
| 4 | വീട്ടിലൊരു ഔഷധോദ്യാനം | 48.82 |
| 5 | ജില്ലാതല ഔഷധോദ്യാനം | 38.8 |
| 6 | സർക്കാർ സർക്കാരേതര സ്ഥാപനങ്ങളിലെ ഔഷധോദ്യാനം | 44.9 |
| 7 | സ്കൂളുകളിൽ ഔഷധോദ്യാനം | 30 |

| | | |
|---|---|---|
| 8 | ബോധവൽക്കരണം | 2 |
| 9 | ഔഷധിയിലെ ഔഷധ സസ്യ മാലിന്യ നിർമ്മാർജ്ജനം | 29 |
| | | 390.42 |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്താണ് നിലവിൽ ഔഷധ കൃഷി നടത്തി വരുന്നത്; | (ഡി) | 2008 മാർച്ച് മുതൽ ദേശീയ ഔഷധസസ്യ ബോർഡിന്റെ നിബന്ധനകളനുസരിച്ച് ഔഷധ സസ്യകൃഷിയും അനുബന്ധ പ്രവർത്തനങ്ങളും സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്നത് അതാത് സംസ്ഥാനങ്ങ ളിലെ സംസ്ഥാന ഹോൾട്ടിക്കൾച്ചർ മിഷനാണ്. സംസ്ഥാന ഹോൾട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം നിലവിൽ 1902 ഹെക്ടർ സ്ഥലത്താണ് ഔഷധകൃഷി നടത്തിവരുന്നത്. |
| (ഇ) | ഇടവിളയായും, തനിവിളയായും എവിടെയെല്ലാം എത്ര ഹെക്ടറിൽ കൃഷി നടത്തുന്നുണ്ട്; | (ഇ) | ഇടവിളയായിട്ടാണ് പ്രധാനമായും കൃഷി നടത്തുന്നത്. തൃശ്ശൂർ, ഇടുക്കി, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തിരുവനന്തപുരം , എറണാകുളം, കോട്ടയം, വയനാട് എന്നീ ജില്ലകളിലായി 1902 ഹെക്ടർ തികച്ചും ഇടവിളയായിട്ടാണ് ഔഷധ സസ്യ കൃഷി നടത്തിക്കൊണ്ടിരിക്കുന്നത്. |
| (എഫ്) | എത്ര ഹെക്ടർ സ്ഥലത്തേക്കു കൂടി കൃഷി വ്യാപിപ്പിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്; | (എഫ്) | 2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ഹോൾട്ടികൾച്ചർ മിഷൻ മുഖാന്തരം 1155 ഹെക്ടർ സ്ഥലത്ത് ഔഷധ സസ്യകൃഷി വ്യാപിപ്പിക്കാനാണ് അനുമതി ലഭിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ജി) | ഏതെല്ലാം ഏജൻസികൾ വഴിയാണ് കൃഷി നടക്കുന്നത്; സഹകരണ സ്ഥാപനങ്ങളെയും, ടൂറിസം മേഖലയെയും ഉൾപ്പെടുത്തി ഔഷധകൃഷി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ജി) | കൃഷി വകുപ്പ്, സംസ്ഥാന ഹോൾട്ടിക്കൾച്ചർ മിഷൻ, വനം വകുപ്പ് എന്നിവയ്ക്ക് പുറമെ ആയുർവേദ വകുപ്പ്, ആരോഗ്യവകുപ്പ്, കുടുംബശ്രീയുമായി ബന്ധപ്പെട്ട വകുപ്പുകൾ, ഔഷധ സസ്യബോർഡ്, കാർഷിക സർവ്വകലാശാല തുടങ്ങിയ വകുപ്പുകളിലൂടെയും സർക്കാരേതര സംഘടനകൾ വഴിയും കർഷക കൂട്ടായ്മകളിലൂടെയുമാണ് ദേശീയ ഔഷധ സസ്യ മിഷൻ പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. സഹകരണ സ്ഥാനങ്ങളെയും ടൂറിസം മേഖലയെയും ഉൾപ്പെടുത്തി വാണിജ്യാടിസ്ഥാനത്തിലുള്ള ഔഷധ സസ്യ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ